ഡിസ്റ്റർബൻസ് ഓഫ് മീറ്റിംഗ് ആക്ട് 1961 (ആക്ട് 35/61) പ്രകാരമുള്ള കുറ്റങ്ങളുമാണ് ചുമത്തിയിരുന്നത്.

(സി) ക്രൈം നം. 191/94 ലെ പ്രതികൾ ബേബി, നാരായണൻകുട്ടി എന്നിവരും ക്രൈം. 195/94 ലെ പ്രതികൾ ചാക്കോ, രാജൻ, ജോർജ്, സജി, കനകാംബരൻ എന്നിവരുമായിരുന്നു,

(ഡി) പൊതുതാല്പര്യം കണക്കിലെടുത്താണ് കോടതിയുടെ അനുമതിയോടെ ഈ കേസ്സുകൾ പിൻവലിച്ചത്.

53 (1413) ഇ.പി. ജയരാജൻ വധശ്രമ കേസ്സ്

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എം.എം.എൽ. ഇ.പി. ജയരാജനെ വധിക്കാൻ ശ്രമിച്ച കേസ്സിലെ പ്രതിയായ വിക്രംചാലിൽ ശശി കൊല്ലപ്പെട്ടത് എന്നാണ്;

(ബി) എപ്രകാരം എവിടെവെച്ചാണ് ശശി കൊല്ലപ്പെട്ടത്;

(സി) ശശി കൊല്ലപ്പെട്ട ബസ്സിൽ എത്ര യാത്രക്കാർ ഉണ്ടായിരുന്നു; ശശിയെ വധിച്ച സംഭവത്തിന് ദൃക്സാക്ഷികൾ ഉണ്ടോ;

(ഡി) ഈ കേസ്സിലെ പ്രതികൾ ആരെല്ലാമാണ്; അവരെ അറസ്റ്റ് ചെയ്തുവോ;

(ഇ) ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസത്തിന് കാരണമെന്ത്?

ഉത്തരം

(എ) 23.2.1999-ൽ.

(ബി) ബസ്സ് യാത്രചെയ്യവേ കൂത്തുപറമ്പ് ശങ്കർ ടാക്കീസിന് മുൻവശം യാത്രക്കാർക്ക് ഇറങ്ങാൻ ബസ്സ് നിർത്തിയ സമയം അതേ ബസ്സിൽ യാത്രചെയ്തിരുന്ന അക്രമികളുടെ വെട്ടും കുത്തും ഏറ്റാണ് ശശി കൊല്ലപ്പെട്ടത്.

(സി) ബസ്സിൽ സുമാർ 35 യാത്രക്കാരുണ്ടായിരുന്നു. ശശിയെ വധിച്ച സംഭവത്തിന് ദൃക്സാക്ഷികൾ ഉണ്ട്.

(ഡി)&(ഇ) പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്തതിനാൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. ഊർജ്ജിതമായ അന്വേഷണം നടന്നുവരുന്നു.

54 (1414) കേസ്സ് അന്വേഷണം

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 150/98-ാം നമ്പർ കേസ്സിന്റെ അന്വേഷണ നടപടികൾ പൂർത്തിയായോ;

(ബി) മരണപ്പെട്ട ബഷീർ മകൻ പരീക്കുട്ടി എവിടെ കിടന്നാണ് മരിച്ചത് എന്നും എന്നാണ് മരണപ്പെട്ടത് എന്നും അറിയിക്കുമോ; പോസ്റ്റ്മോർട്ടം

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടിന്റെ വിശദാംശം അറിയിക്കുമോ; ആരാണ് പോസ്റ്റ്മോർട്ടം നടത്തിയത്;

(സി) പോസ്റ്റ്മോർട്ടത്തെ തുടർന്ന് നടന്ന രാസപരിശോധനയുടെ റിപ്പോർട്ട് ലഭിച്ചോ; ഈ റിപ്പോർട്ട് ലഭിക്കുവാൻ കാലതാമസം ഉണ്ടായതെന്തുകൊണ്ടാണ്;

(ഡി) ഈ കേസ്സിൽ പ്രതികളായി എത്ര പേരുണ്ട്; ഏതെങ്കിലും പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ഇ) ഈ കേസ്സ് സംബന്ധിച്ച അന്വേഷണത്തിന് വേഗത പോരാ എന്ന് കാണിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) പൂർത്തിയായിട്ടില്ല.

(ബി) ഈരാറ്റുപേട്ട പ്രൈവറ്റ് ബസ്സ്റ്റാന്റിന് സമീപമുള്ള കൊത്തച്ചിടത്ത് ഇശായുടെ വക മിനി ഐസ് പ്രോഡക്ട് ഫാക്ടറിക്കുള്ളിൽ 18.5.98 രാത്രി 11 മണിക്കും 19.5.98 വെളുപ്പിന് 7 മണിക്കും ഇടയ്ക്കുള്ള സമയത്താണ് പരീക്കുട്ടി മരണപ്പെട്ടത്. പോസ്റ്റ്മോർട്ടം പരിശോധന നടത്തിയ ഡോ. അലക്സ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്.

"Post-mortem findings are consist with cause of death due to poisioning. Final opinion reserved pending for the report of chemical analysis."

(സി) രാസപരിശോധന റിപ്പോർട്ട് ലഭിച്ചിട്ടില്ല. കെമിക്കൽ എക്സാമിനേഷൻ ലബോറട്ടറിയിൽ വിവിധ കേസ്സുകളിലേക്ക് പരിശോധിക്കേണ്ടതായ വസ്തുക്കളുടെ ബാഹുല്യംകൊണ്ടാണ് റിപ്പോർട്ട് ലഭിക്കാൻ കാലതാമസം ഉണ്ടാകുന്നത്.

(ഡി)&(ഇ) ഉണ്ട്. കേസ്സന്വേഷണ ചുമതല ഈരാറ്റുപേട്ട പോലീസ് സർക്കിൾ ഇൻസ്പെക്ടറെ ഏൽപ്പിച്ചു.

55 (1415) മയക്കുമരുന്നിന്റെ സാമ്പിൾ പരിശോധന

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മ്യൂസിയം പോലീസ് സ്റ്റേഷനിലെ ക്രൈം 197/89 എന്ന മയക്കുമരുന്നു കേസ്സിലെ മയക്കുമരുന്നിന്റെ സാമ്പിൾ ഫോറൻസിക് ലബോറട്ടറിക്ക് രാസപരിശോധനയ്ക്കും റിപ്പോർട്ടിനുമായി കിട്ടിയതെന്നാണ്;

(ബി) അതു സംബന്ധിച്ച റിപ്പോർട്ട് മ്യൂസിയം പോലീസിനു നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) 28.6.91-ൽ.

LIBRARY ARCHIVES Kerala Legislative Assembly